**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1792** **13-02-2025 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രതിമാസ ഫിസിക്കൽ ഡ്യൂട്ടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസം 16 ഫിസിക്കൽ ഡ്യൂട്ടി ഇല്ലെങ്കിൽ സപ്ലിമെന്ററി ആയേ ശമ്പളം നൽകൂ എന്നോ റെഗുലർ ശമ്പളം നൽകുമ്പോൾ ഇത്തരക്കാർക്ക് നൽകില്ലെന്നോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (എ) | സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ ലഭ്യത ഉറപ്പവരുത്തുന്നതിന് ഓരോ ജീവനക്കാരും പ്രതിമാസം 16 ഫിസിക്കൽ ഡ്യൂട്ടിയെങ്കിലും അനുഷ്ഠിക്കേണ്ടതും ഇല്ലായെങ്കിൽ മെയിൻ ശമ്പള ബില്ലിൽ ഉൾപ്പെടുത്താതെ സപ്ലിമെന്ററി ശമ്പള ബില്ലിൽ ഉൾപ്പെടുത്തി കാലതാമസം കൂടാതെ ശമ്പളം വിതരണം നടത്തുന്നുണ്ട്.<br><br>അംഗീകൃത തൊഴിലാളി സംഘടനകളുമായുള്ള ഉഭയകക്ഷി കരാർ വ്യവസ്ഥകൾക്കനുസൃതമായി ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ ഒഴിവാക്കുന്നതിനും ജീവനക്കാരുടെ ലഭ്യത ഉറപ്പവരുത്തുന്നതിനും പ്രതിവർഷം ആവശ്യമായ ഏറ്റവും കുറഞ്ഞ ഫിസിക്കൽ ഡ്യൂട്ടികളുടെ എണ്ണം 190 ആയി നിഷ്കർഷിച്ച് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 190 ഫിസിക്കൽ ഡ്യൂട്ടി എന്നതിന് ആനുപാതികമായി പ്രതിമാസം 16 ഫിസിക്കൽ ഡ്യൂട്ടി എന്ന് കണക്കാക്കി അടിയന്തര സാഹചര്യങ്ങളിൽ ഈ ഉത്തരവ് ബാധകമാക്കുന്നതിന് ഇളവുകൾ അനുവദിക്കാവുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചത്. |
| (ബി) | 'പതിനാറ് ഫിസിക്കൽ ഡ്യൂട്ടി' നിബന്ധന സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം - I ആയി ചേർക്കുന്നു. |
| (സി) | പ്രതിമാസംപതിനാറ് ഫിസിക്കൽ ഡ്യൂട്ടി ഇല്ലാത്തവർക്ക് 2022 ആഗസ്റ്റ് മുതൽ നാളിതുവരെ പ്രതിമാസം എത്ര രൂപ ശമ്പള കുടിശ്ശികയുണ്ട്; | (സി) | പ്രതിമാസം പതിനാറ് ഫിസിക്കൽഡ്യൂട്ടി ഇല്ലാത്ത കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ 2022 ആഗസ്റ്റ് മാസത്തെയും, 2024 ജൂൺ മാസം മുതൽ 2024 ഡിസംബർ മാസം വരെയുള്ള |

| | | | |
|---|---|---|---|
| | | | കാലയളവിലെയും ശമ്പളം സപ്ലിമെന്ററിയായി ബിൽ തയ്യാറാക്കി തുക വിതരണം ചെയ്തിട്ടുണ്ട്.<br><br>2022 സെപ്തംബർ മാസം മുതൽ 2024 മെയ് മാസം വരെയുള്ള കാലയളവിലെ സപ്ലിമെന്ററി ശമ്പള ബില്ലുകൾ കുടിശ്ശികയുണ്ട്.<br><br>ടി കാലയളവിലെ സപ്ലിമെന്ററി ശമ്പള ബിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കുടിശ്ശിക തുക സംബന്ധിച്ച യഥാർത്ഥ കണക്കുകൾ ലഭ്യമായിട്ടില്ല.<br><br>ടി കുടിശ്ശിക ബിൽ സംബന്ധിച്ച് പ്രതീക്ഷിക്കുന്ന ശരാശരി തുക വിവരങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു. |
| (ഡി) | കുടിശ്ശികയുടെ പ്രതിമാസ വിശദാംശം ജീവനക്കാരുടെ പേരും തസ്തികയും ഡിപ്പോയും ഉൾപ്പെടെ ലഭ്യമാക്കാമോ; | (ഡി) | ടി കാലയളവിലെ സപ്ലിമെന്ററി ശമ്പള ബിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ പേര് വിവരവും, കുടിശ്ശിക തുകയും സംബന്ധിച്ച യഥാർത്ഥ കണക്കുകൾ ലഭ്യമായിട്ടില്ല. |
| (ഇ) | മേൽ ഉത്തരവ് പുറപ്പെടുവിച്ചത് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെയോ യോഗതീരുമാനത്തിന്റെയോ അടിസ്ഥാനത്തിലാണോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ? | (ഇ) | അംഗീകൃത തൊഴിലാളി സംഘടനകളുമായുള്ള ഉഭയകക്ഷി കരാർ വ്യവസ്ഥകൾക്കനുസൃതമായി ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ ഒഴിവാക്കുന്നതിനും ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പ്രതിവർഷം ആവശ്യമായ ഏറ്റവും കുറഞ്ഞ ഫിസിക്കൽ ഡ്യൂട്ടികളുടെ എണ്ണം 190 ആയി നിഷ്കർഷിച്ച് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 190 ഫിസിക്കൽ ഡ്യൂട്ടി എന്നതിന് ആനുപാതികമായി പ്രതിമാസം 16 ഫിസിക്കൽ ഡ്യൂട്ടി എന്ന് കണക്കാക്കി അടിയന്തര സാഹചര്യങ്ങളിൽ ഈ ഉത്തരവ് ബാധകമാക്കുന്നതിന് ഇളവുകൾ അനുവദിക്കാവുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം - I</u>

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം
ഹാജർ : ബിജു പ്രഭാകർ IAS

കെ.എസ്.ആർ.റ്റി.സി ജീവനക്കാരുടെ പ്രതിമാസ വേതനം അനുവദിക്കുന്നത് -
നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് -

---

ജനറൽ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ
നമ്പർ_2111/GL8(LR)/2022/RTC. തീയതി, തിരുവനന്തപുരം, 21-5-2022.

---

വായന:- ഈ ഓഫീസിലെ 06-5-2022 തീയതിയിലെ 2107/GL8(LR)/2022/RTC നമ്പർ ഉത്തരവ്.

<u>ഉത്തരവ്</u>

കെ.എസ്.ആർ.റ്റി.സി.യുടെ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഓരോ ജീവനക്കാരനും പ്രതിവർഷം ആവശ്യമായ ഏറ്റവും കുറഞ്ഞ ഫിസിക്കൽ ഡ്യൂട്ടികളുടെ എണ്ണം 190 ആയി നിഷ്കർഷിച്ച് മേൽ വായന പ്രകാരം ഉത്തരവായിരുന്നു.

ആയതിന്റെ പശ്ചാത്തലത്തിൽ 2022 മേയ് മാസം മുതൽ ഒരു ജീവനക്കാരൻ / ജീവനക്കാരി പ്രതി മാസം (തൊട്ടുമുൻപുള്ള മാസത്തിലെ 26-ാം തീയതി മുതൽ ശമ്പള മാസത്തിലെ 25-ാം തീയതി വരെ) ഏറ്റവും കുറഞ്ഞത് 16 (പതിനാറ്) ഫിസിക്കൽ ഡ്യൂട്ടിയെങ്കിലും അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ മാത്രമെ അതാത് മാസങ്ങളിൽ ശമ്പളത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

ഇപ്രകാരം കുറഞ്ഞത് 16 (പതിനാറ്) ഡ്യൂട്ടി ഇല്ലാത്ത ജീവനക്കാരുടെ ശമ്പള ബിൽ തൊട്ടടുത്ത മാസം 5-ാം തീയതിക്ക് ശേഷം മാത്രം പ്രോസസ് ചെയ്ത് സപ്ലിമെന്ററി സാലറിയായി നൽകേണ്ടതാണ്.

(തുടർച്ച...2)

അർബുദ ചികിത്സ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ, ഡയാലിസിസ്, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ ഗുരുതര സ്വഭാവമുള്ള അസുഖബാധിതർ, അപകടങ്ങൾ മൂലം അംഗഭംഗം വന്ന് ശയ്യാവലംബരായവർ, മാതാപിതാക്കൾ, ഭാര്യ / ഭർത്താവ്, മക്കൾ, സഹോദരങ്ങൾ എന്നിവരുടെ മരണവുമായി ബന്ധപ്പെട്ട് അവധിയിൽ പ്രവേശിക്കുന്നവർ എന്നിവർക്ക് മേൽ വ്യവസ്ഥകളിൽ ഇളവ് നൽകുന്നതാണ്.

മേൽ ഉത്തരവ് പ്രാവർത്തികമാക്കുന്നതിന് വേണ്ടുന്ന സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ കോ-ഓർഡിനേറ്റർ (SPARK) സ്വീകരിക്കേണ്ടതാണ്.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ യൂണിറ്റ് / മേഖലാ / വർക് ഷോപ്പ് അധികാരികൾക്കും,
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും.

.asm/~

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ നടപടിക്രമം
ഹാജർ : ബിജു പ്രഭാകർ IAS

കെ.എസ്.ആർ.റ്റി.സി ജീവനക്കാരുടെ പ്രതിമാസ വേതനം അനുവദിക്കുന്നത് - നിർദ്ദേശങ്ങൾ - ഭേദഗതി - ഉത്തരവാകുന്നത് -

ജനറൽ വിഭാഗം, ട്രാൻസ്പോർട്ട് ഭവൻ
നമ്പർ_2111/GL8(LR)/2022/RTC. തീയതി, തിരുവനന്തപുരം, 30-5-2022.

വായന:- ഈ ഓഫീസിലെ 21-5-2022ലെ ഇതേ നമ്പർ ഉത്തരവ്.

ഉത്തരവ്

2022 മേയ് മാസം മുതൽ കെ.എസ്.ആർ.റ്റി.സി. ജീവനക്കാർക്ക് പ്രതി മാസം (തൊട്ടുമുൻപുള്ള മാസത്തിലെ 26-ാം തീയതി മുതൽ ശമ്പള മാസത്തിലെ 25-ാം തീയതി വരെ) ഏറ്റവും കുറഞ്ഞത് 16 (പതിനാറ്) ഫിസിക്കൽ ഡ്യൂട്ടിയെങ്കിലും അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ മാത്രമെ അതാത് മാസങ്ങളിൽ ശമ്പളത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ എന്ന് മേൽ വായന പ്രകാരം ഉത്തരവായിരുന്നു.

2022 മേയ് മാസം മുതൽ പ്രസ്തുത തീരുമാനം അവലംബിക്കുന്നതിലൂടെ ഉണ്ടാകുന്ന വിവിധ ബുദ്ധിമുട്ടുകൾ പരാമർശിച്ചുകൊണ്ട് ലഭ്യമായ അപേക്ഷകൾ പരിഗണിച്ച് 2022 മേയ് മാസത്തിലെ ശമ്പളം നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ പ്രകാരം അനുവദിക്കുവാൻ അനുമതി നൽകി ഉത്തരവാകുന്നു.

2022 ജൂൺ മാസം മുതൽ അതത് കലണ്ടർ മാസങ്ങളിലെ 1-ാം തീയതി മുതൽ മാസാവസാന തീയതിവരെയുള്ള ഹാജർ കണക്കാക്കി, പ്രസ്തുത മാസം ഏറ്റവും കുറഞ്ഞത് 16 (പതിനാറ്) ഫിസിക്കൽ ഡ്യൂട്ടിയെങ്കിലും അനുഷ്ഠിച്ചിട്ടുണ്ടെങ്കിൽ മാത്രമെ അതാത് മാസങ്ങളിൽ ശമ്പളത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ. തൊട്ടടുത്ത കലണ്ടർ മാസം 3-ാം തീയതിയ്ക്കകം ജീവനക്കാരുടെ ശമ്പളബില്ല് യൂണിറ്റുകളിൽ തയ്യാറാക്കി ചീഫ് ഓഫീസിലേയ്ക്ക് കൈമാറേണ്ടതാണ്.

(തുടർച്ച...2)

ഇപ്രകാരം കുറഞ്ഞത് 16 (പതിനാറ്) ഡ്യൂട്ടി ഇല്ലാത്ത ജീവനക്കാരുടെ ശമ്പള ബിൽ തൊട്ടടുത്ത മാസം 8-ാം തീയതിക്ക് ശേഷം മാത്രം പ്രോസസ് ചെയ്ത് സപ്ലിമെന്ററി സാലറിയായി നൽകേണ്ടതാണ്.

അർബുദ ചികിത്സ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ, കരൾ മാറ്റിവയ്ക്കൽ, ഡയാലിസിസ്, ഹൃദയ ശസ്ത്രക്രിയ തുടങ്ങിയ ഗുരുതര സ്വഭാവമുള്ള അസുഖബാധിതർ, അപകടങ്ങൾ മൂലം അംഗഭംഗം വന്ന് ശയ്യാവലംബരായവർ, Special Casual Leave-ൽ ആയിരിക്കുന്നവർ, Maternity / Paternity Leave-ൽ ആയിരിക്കുന്നവർ, പെൻഷൻപറ്റി പിരിയുന്നതിന് മുന്നോടിയായി അവധിയിൽ പ്രവേശിച്ചവർ, മാതാപിതാക്കൾ, ഭാര്യ / ഭർത്താവ്, മക്കൾ, സഹോദരങ്ങൾ എന്നിവരുടെ മരണവുമായി ബന്ധപ്പെട്ട് അവധിയിൽ പ്രവേശിക്കുന്നവർ എന്നിവർക്ക് മേൽ വ്യവസ്ഥകളിൽ ഇളവ് നൽകുന്നതാണ്.

ശമ്പളം അനുവദിക്കുന്നത് സംബന്ധിച്ച അനുബന്ധ നടപടികൾ FA&CAO സ്വീകരിക്കേണ്ടതാണ്. മേൽ ഉത്തരവ് പ്രാവർത്തികമാക്കുന്നതിന് വേണ്ടുന്ന സാങ്കേതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും, വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനുമുള്ള നടപടികൾ കോ-ഓർഡിനേറ്റർ (SPARK) സ്വീകരിക്കേണ്ടതാണ്.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ യൂണിറ്റ് / മേഖലാ / വർക് ഷോപ്പ് അധികാരികൾക്കും,
ചീഫ് ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും.

.asm/~

| S001 | CO |
|---|---|

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം,

നമ്പർ_687/GL8(LR)/2023/RTC. തീയതി : 31-7-2023.

മെമ്മോറാണ്ടം

വിഷയം:- കെഎസ്ആർടിസി ജീവനക്കാരുടെ പ്രതിമാസ വേതനം കണക്കാക്കുമ്പോൾ സറണ്ടർ ഡ്യൂട്ടികൾ ഉൾപ്പെടുത്തുന്നതിൽ വ്യക്തത വരുത്തുന്നത് സംബന്ധിച്ച് -

സൂചന:- 1. 06-5-2022 തീയതിയിലെ 2107/GL8(LR)/2022/RTC നമ്പർ ഉത്തരവ്,
2. 21-5-2022, 30-5-2022 തീയതികളിലെ 2111/GL8(LR)/2022/RTC നമ്പർ ഉത്തരവ്,
3. ഒ.എ.ഡി വിഭാഗത്തിന്റെ 015441/2022/TVM നമ്പർ ഫയൽ കുറിപ്പ്.

...

കെ.എസ്.ആർ.ടി.സി.യുടെ സർവീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി, ഓരോ ജീവനക്കാരനും നിർവ്വഹിക്കേണ്ട ഡ്യൂട്ടികളുടെ എണ്ണം നിഷ്കർഷിച്ച് സൂചന (1), (2) പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ സറണ്ടർ ചെയ്ത ഡ്യൂട്ടികൾ, ശമ്പളത്തിനായി കണക്കാക്കുന്ന 16 (പതിനാറ്) ഫിസിക്കൽ ഡ്യൂട്ടികളിൽ ഉൾപ്പെടുത്താവുന്നതാണോയെന്ന് വ്യക്തത വരുത്തുന്നതിനായി മേൽ സൂചന (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു. സറണ്ടർ ചെയ്ത ഡ്യൂട്ടികളുടെ സാമ്പത്തിക ആനുകൂല്യങ്ങൾ ജീവനക്കാരൻ മുൻകൂറായി കൈപ്പറ്റി, പ്രസ്തുത ഡ്യൂട്ടികളുടെ മറ്റ് അനുബന്ധ ആനുകൂല്യങ്ങൾ പരിത്യജിക്കപ്പെടുന്നതിനാൽ സറണ്ടർ ചെയ്ത ഡ്യൂട്ടികൾ ഫിസിക്കൽ ഡ്യൂട്ടിയായി കണക്കാക്കാവുന്നതല്ല എന്ന് വ്യക്തത വരുത്തി നൽകുന്നു.

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ

സ്വീകർത്താവ്

ജില്ലാ / യൂണിറ്റ് / മേഖലാ / വർക് ഷോപ്പ് അധികാരികൾക്ക്,
ചീഫ് ഓഫീസിലെ ഓഫീസർമാർക്കും, വിഭാഗങ്ങൾക്കും,
ഫയൽ / കരുതൽ ഫയൽ.

.asm/~

# അനുബന്ധം - II

കെ.എസ്.ആർ.ടി.സി യിലെ സ്ഥിരം ജീവനക്കാരുടെ 2022 ആഗസ്റ്റ് മാസത്തെയും, 2024 ജൂൺ മാസം മുതൽ 2024 ഡിസംബർ മാസം വരെയുള്ള കാലയളവിലെയും ശമ്പളം സപ്ലിമെന്ററിയായി ബിൽ തയാറാക്കി തുക വിതരണം ചെയ്തതിന്റെ വിവരം.

| വർഷം – മാസം | എണ്ണം | ഗ്രോസ് സാലറി | നെറ്റ് സാലറി | വിതരണം ചെയ്ത തീയതി |
|---|---|---|---|---|
| 2022- ആഗസ്റ്റ് | 414 | 99,45,837 | 78,90,479 | 20-12-2022 |
| 2024 - ജൂൺ | 200 | 43,50,058 | 30,09,852 | 30-07-2024 |
| 2024 - ജൂലൈ | 246 | 54,97,928 | 35,89,524 | 03-09-2024 |
| 2024 - ആഗസ്റ്റ് | 176 | 38,36,098 | 27,20,488 | 24-09-2024 |
| 2024 - സെപ്തംബർ | 290 | 74,36,263 | 54,22,838 | 23-10-2024 |
| 2024 - ഒക്ടോബർ | 311 | 84,83,036 | 64,35,109 | 25-11-2024 |
| 2024 - നവംബർ | 249 | 64,13,118 | 45,02,620 | 19-12-2024 |
| 2024 - ഡിസംബർ | 250 | 60,83,556 | 43,94,644 | 21-01-2025 |

2022 സെപ്തംബർ മാസം മുതൽ 2024 മെയ് മാസം വരെയുള്ള കാലയളവിലെ കുടിശ്ശിക ബിൽ സംബന്ധിച്ച് പ്രതീക്ഷിക്കുന്ന ശരാശരി തുക വിവരങ്ങൾ.

| വർഷം – മാസം | എണ്ണം | ഗ്രോസ് സാലറി | നെറ്റ് സാലറി |
|---|---|---|---|
| 2022 - സെപ്തംബർ | 415 | 99,60,000 | 79,26,500 |
| 2022 - ഒക്ടോബർ | 415 | 99,60,000 | 79,26,500 |
| 2022 - നവംബർ | 415 | 99,60,000 | 79,26,500 |
| 2022 - ഡിസംബർ | 415 | 99,60,000 | 79,26,500 |
| 2023 - ജനുവരി | 400 | 96,00,000 | 76,40,000 |
| 2023 - ഫെബ്രുവരി | 400 | 96,00,000 | 76,40,000 |
| 2023 - മാർച്ച് | 400 | 96,00,000 | 76,40,000 |
| 2023 - ഏപ്രിൽ | 400 | 92,00,000 | 76,00,000 |
| 2023 - മെയ് | 400 | 92,00,000 | 76,00,000 |
| 2023 - ജൂൺ | 350 | 80,50,000 | 66,50,000 |
| 2023 - ജൂലൈ | 350 | 80,50,000 | 66,50,000 |
| 2023 - ആഗസ്റ്റ് | 350 | 80,50,000 | 66,50,000 |
| 2023 - സെപ്തംബർ | 350 | 80,50,000 | 66,50,000 |
| 2023 - ഒക്ടോബർ | 350 | 80,50,000 | 66,50,000 |
| 2023 - നവംബർ | 350 | 80,50,000 | 66,50,000 |
| 2023 - ഡിസംബർ | 350 | 80,50,000 | 66,50,000 |
| 2024 - ജനുവരി | 300 | 69,00,000 | 57,00,000 |
| 2024 - ഫെബ്രുവരി | 300 | 69,00,000 | 57,00,000 |
| 2024 - മാർച്ച് | 300 | 69,00,000 | 57,00,000 |
| 2024 - ഏപ്രിൽ | 300 | 66,00,000 | 45,00,000 |
| 2024 - മെയ് | 300 | 66,00,000 | 45,00,000 |

ഫിനാൻഷ്യൽ അഡ്വൈസർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ